STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.178/PR/SPMC/PHQ/2025 Date: 08.07.2025

# രക്തദാന രംഗത്തെ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കുക

സംസ്ഥാനത്തു രക്തദാന രംഗത്ത് വർധിച്ചു വരുന്ന തട്ടിപ്പുകൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കേണ്ടതാണ്. രക്തദാനം ചെയ്യാൻ ഡോണർമാരെ എത്തിക്കാം എന്ന് വ്യാജവാഗ്ദാനം നൽകി രക്തം ആവശ്യമുള്ളവരിൽ നിന്ന് വൻ തുക മുൻകൂർ വാങ്ങിയശേഷം കബളിപ്പിക്കുന്നതാണ് തട്ടിപ്പു സംഘങ്ങളുടെ രീതി.

രക്തമാവശ്യമുള്ളവർ സമൂഹമാധ്യമങ്ങളിൽ തങ്ങളുടെ വിവരങ്ങൾ പോസ്റ്റ് ചെയ്യുന്നതും തട്ടിപ്പുകാർക്ക് സഹായകരമായിട്ടുണ്ട്. രക്തദാനത്തിനുള്ള കേരള പോലീസിന്റെ പദ്ധതിയായ പോൽ-ബ്ലഡിലേക്കു ഇത് സംബന്ധിച്ചു നിരവധി പരാതികളാണ് ലഭിച്ചിട്ടുള്ളത്. പ്രതിഫലം വാങ്ങിയുള്ള രക്തദാനം 1998 ജനുവരി മുതൽ രാജ്യത്തു നിരോധിച്ചിട്ടുണ്ട്.

രക്തം ആവശ്യമുള്ളവരും ദാതാക്കളും കേരള പോലീസിന്റെ പോൽ-ബ്ലഡ് ആപ്പിൽ രജിസ്റ്റർ ചെയ്യാവുന്നതും നിയമാനുസൃതവും സുരക്ഷിതവുമായ രക്തദാനം പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. രക്തദാന രംഗത്ത് നടക്കുന്ന ഇത്തരം തട്ടിപ്പുകളെക്കുറിച്ച് polblood.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതികൾ അറിയിക്കാവുന്നതാണ്.

****************************